# ആത്മ സംസ്കരണം

മൗലാനാ ശൈഖ് മുസ്തഫാ രിഫാഈ

പ്രസിദ്ധീകരണം
അസ്സാവിയത്തുൽ ഹസനിയ്യ
ദാറുൽ ഉലൂം ഓച്ചിറ

# സയ്യിദ് ഹസനി അക്കാദമി

ബഹുമാനൃരെ,

നാമെല്ലാവരുടെയും ഇഹത്തിലും പരത്തിലുമുള്ള സമാധാന സന്തോഷങ്ങൾ അല്ലാഹു വെച്ചിരിക്കുന്നത് അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ടുള്ള ജീവിതത്തിലാണ്. ദീൻ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാൻ നാല് കാര്യങ്ങൾ കഴിവിന്റെ പരമാവധി നല്ലനിലയിൽ ചെയ്യേണ്ടതാണ്. 1) നമ്മിലും പരിസരത്തും നന്മകൾ വർദ്ധിക്കുന്നതിനും തിന്മകൾ ഇല്ലാതാകുന്നതിനും കഴിയുന്നത്ര ജനങ്ങളുമായി നല്ല ബന്ധം ഉണ്ടാക്കിയെടുക്കുകയും നന്മ ഉപദേശിക്കുകയും തിന്മ തടയുകയും ചെയ്യുക. 2) ഓരോ പ്രദേശങ്ങളിലും പ്രത്യേകിച്ചും ബാലികാ ബാലന്മാർക്ക് ദീനിന്റെ അടിസ്ഥാന കാര്യങ്ങൾ പഠിക്കാനുള്ള സൗകര്യങ്ങൾ ചെയ്യുകയും അതിലേക്ക് ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുക. 3) അല്ലാഹുവിന്റെ ദിക്ർ, ദുആ, പരിശുദ്ധഖുർആൻ പാരായണം പതിവാക്കുകയും ഇവയിലേക്ക് ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുക. 4) മഹാന്മാരുടെ സംഭവങ്ങളും ഉപദേശങ്ങളും അടങ്ങിയ രചനകൾ വായിക്കുകയും മറ്റുള്ളവരിൽ പ്രചരിപ്പിക്കുകയും ചെയ്യുക.

നാം ഓരോരുത്തരുടെയും വീടുകൾ അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹവും സൂക്ഷിപ്പ് മുതലുമാണ്. വീടുകളിൽ നിന്നും ടെലിവിഷൻ, മോശമായ പത്രമാസികകൾ എന്നിവ മാറ്റുകയും മേൽപ്പറഞ്ഞ കാര്യങ്ങളുടെ കേന്ദ്രമാക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

**മൗലാനാ മുഹമ്മദ് ത്വൽഹ കാന്തലവി**
**ഇബ്നു ശൈഖുൽ ഹദീസ് അല്ലാമാ മുഹമ്മദ് സകരിയ്യാ**

# ബിസ്മില്ലാഹ്......

അന്ത്യപ്രവാചകൻ സയ്യിദുൽ കൗനൈൻ ഖാത്തിമുന്നബിയ്യീൻ സയ്യിദുൽ മുർസലീൻ മുഹമ്മദുർറസൂലുല്ലാഹി (സല്ലല്ലാഹു അലൈഹി വസല്ലം) ഇവിടെ പ്രധാന നിയോഗ ലക്ഷ്യം രണ്ട് കാര്യങ്ങളാണ്. ഒന്ന് സൃഷ്ടികൾക്ക് സ്രഷ്ടാവുമായുള്ള ബന്ധം ശരിയാക്കുക. രണ്ട് ഈ ബന്ധം നിരന്തരമാക്കുക. ഇതിന് അല്ലാഹുവിന്റെ കൽപ്പനപ്രകാരം റസൂലുല്ലാഹി (സ) സ്വീകരിച്ച ലളിതവും ശക്തവുമായ ഒരു മാർഗ്ഗമാണ് ദിക്ർ, ദുആകൾ (അല്ലാഹുവിന്റെ ധ്യാനവും പടച്ചവനോടുള്ള പ്രാർത്ഥനയും).

ഒരു ഭാഗത്ത് റസൂലുല്ലാഹി (സ) യുടെ ജീവിതം മുഴവൻ ദ്ക്ർ-ദുആകളായിരുന്നു. പുലർക്കാലത്ത് എഴുന്നേൽക്കുമ്പോൾ, വിസർജ്ജനത്തിന് മുമ്പ് ശുദ്ധീകരണ സമയത്ത് ആഹാര-പാനിയ വസ്ത്രധാരണ സന്ദർഭങ്ങളിൽ വീട്ടിലും നാട്ടിലും യാത്രയിലും ജോലിയിലും എന്നിങ്ങനെ സകല കാര്യങ്ങളിലും ഇത് കാണാൻ കഴിയുന്നതാണ്. നമസ്ക്കാരങ്ങൾ ആദ്യന്തം ദിക്ർ-ദുആകളായിരുന്നു. എന്തിനേറെ പ്രബോധന പോരാട്ടങ്ങളിലും ഇത് വലിയ ശക്തിയായിരുന്നു. അധികമായി ഇത് നിർവ്വഹിക്കാനും ഒറ്റക്കും കൂട്ടായും രഹസ്യമായും പരസ്യമായും ഇത് ചെയ്യാനും റസൂലുല്ലാഹി (സ) പ്രേരിപ്പിച്ചു.

തൽഫലമായി നിരന്തരം ദിക്ർ-ദുആകളിൽ വ്യാപൃതരായ ഒരു സമൂഹം നിലവിൽ വന്നു. ഒരു കാലത്ത് പടച്ചവനെപ്പറ്റി പറയപ്പെട്ടാൽ വെറുപ്പ് പ്രകടിപ്പിച്ചിരുന്ന ജനത നിന്നും ഇരുന്നും കിടന്നും പടച്ചവനെ ധ്യാനിക്കുന്നവരായി. തെറ്റ് കുറ്റങ്ങൾ വല്ലതും സംഭവിച്ചാൽ പടച്ചവനെ ഓർത്ത് പശ്ചാത്തപിക്കുമായിരുന്നു. സംസാരം, ആഹാരം, ഉറക്കം, സൃഷ്ടികളുമായിട്ടുള്ള ബന്ധം എന്നിവകളിൽ അവർ മധ്യമ രീതി അവർ പുലർത്തിയിരുന്നുവെങ്കിലും ക്രയവിക്രയങ്ങളും ദാമ്പത്യ ജീവിതവും നന്നായി നടത്തിയിരുന്നു. കുടുംബം, ഇണകൾ, സന്താനങ്ങൾ, സഹോദരങ്ങൾ, മനുഷ്യർ, മൃഗങ്ങൾ, പ്രകൃതി വസ്തുക്കൾ ഇവയെല്ലാമായി ഉത്തമ ബന്ധം പുലർത്തിയിരുന്നു. എന്നാൽ അവർ അല്ലാഹുവിന്റെ ധ്യാനം എല്ലാ സന്ദർഭങ്ങളിലും മുറുകെ പിടിച്ചു. ഇതിലൂടെ അവരുടെ അനുവദനീയ പ്രവർത്തനങ്ങളും പുണ്യകർമ്മങ്ങളായി മാറി. അല്ലാഹു എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട് എന്ന

ഇഹ്സാനീ ഗുണം അവരിൽ ശക്തി പ്രാപിച്ചു.

സഹാബാ കിറാമിന്റെ ഇതര ഗുണങ്ങളായ ഇസ്ലാമും ഈമാനും അവർ അടുത്ത തലമുറയ്ക്ക് കൈമാറിയത് പോലെ ഉപര്യുക്ത ഇഹ്സാനീ ഗുണവും അവർ വളരെ പ്രാധാന്യത്തോടെ ജനങ്ങളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വഴിയിൽ പ്രത്യേക ശ്രദ്ധയുള്ള ഒരു വലിയ വിഭാഗം സഹാബാ കിറാമിന്റെ കാലം മുതൽ ഇന്നുവരെ നിലനിൽക്കുന്നു. ലോകാവസാനം വരെയും ഉണ്ടായിരിക്കുകയും ചെയ്യും. സൂഫിവര്യന്മാർ എന്ന ഒരു പ്രത്യേക നാമം ഇവർക്ക് നൽകപ്പെട്ടിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇവർ ഉത്തമ മനുഷ്യരാണ്. ഇവരുമായി ബന്ധിപ്പിച്ച് ധാരാളം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പലരും പ്രചരിപ്പിക്കാറുണ്ടെങ്കിലും ഇവർ ഇസ്ലാമിന്റെ ഉന്നത വ്യക്തിത്വങ്ങളും വക്താക്കളുമാണ്. അതെ, ഇത്തരം ആളുകളിലൂടെയാണ് അന്നുമുതൽ ഇസ്ലാം ശരിയായ നിലയിൽ പ്രചരിക്കപ്പെട്ടത്. പലതരം പ്രശ്നങ്ങളിൽ കുടുങ്ങിക്കഴിയുന്ന ആധുനിക ലോകത്തിനും ഇവരുടെ ശരിയായ അധ്യാപനങ്ങൾ വളരെ ആവശ്യമാണ്. സർവ്വോപരി യഥാർത്ഥ ജീവിതമായ പാരത്രിക ലോകത്തിന്റെ വിജയം ഈ ഗുണങ്ങളിലൂടെ മാത്രമാണ്: അന്നേ ദിവസം സമ്പത്തും സന്താനങ്ങളും യാതൊരു പ്രയോജനവും ചെയ്യുന്നതല്ല. എന്നാൽ സംശുദ്ധ മനസ്സോടെ അല്ലാഹുവിനെ സമീപിക്കുന്നവർക്ക് ഉത്തമ വിജയമുണ്ട്!

ഈ മഹത്തായ വഴിയിൽ വളരെയധികം പ്രകാശിച്ച ഒരു മഹാനാണ് സയ്യിദുനാ അഹ്മദുൽ കബീർ രിഫാഈ (റഹ്മത്തുല്ലാഹി അലൈഹി). ഉപരിസൂചിത മഹൽഗുണങ്ങൾ കുറഞ്ഞ ഒരു സ്ഥലത്തും സമയത്തും മഹാനർ ഈ ഗുണങ്ങൾ പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഉത്തമ ശിഷ്യരെ വാർത്തെടുത്തു. അത് പരമ്പരയായി ഇന്നും നിലനിൽക്കുന്നു. ഈ കൂട്ടത്തിൽ പ്രത്യേകം സ്മരണീയനായ വ്യക്തിത്വമാണ് മൗലാനാ ശൈഖ് മുസ്തഫാ രിഫാഈ. മഹാന്മാരായ ജീലാനി (റ) രിഫാഈ (റ) പരമ്പരയിൽ ജനിച്ച ശൈഖ് ആ പാരമ്പര്യത്തിന്റെ ഗുണങ്ങൾ കഴിവിന്റെ പരമാവധി നിലനിർത്താൻ പരിശ്രമിക്കുന്നു എന്നത് ഞങ്ങൾക്ക് ബോധ്യപ്പെട്ട കാര്യമാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിരന്തരം യാത്രകൾ ചെയ്യുന്ന ശൈഖ് കേരളത്തിലും പലപ്രാവശ്യം വരുകയും ഇതര മഹത്തായ

ദീനീ പ്രവർത്തനങ്ങളോടൊപ്പം ഇതും നിർവ്വഹിക്കണമെന്ന് ഞങ്ങളെ പ്രത്യേകം ഉണർത്തി. വിശിഷ്യാ ഈ കഴിഞ്ഞ റബീഉൽ അവ്വൽ മാസം മദീനമുനവ്വറയിലെ മസ്ജിദുന്നബവിയ്യുശ്ശരീഫിൽ വെച്ച് കേരളത്തിലെ ഏതാനും ഉലമാ മഹത്തുക്കൾക്കും ദാക്കിറുകൾക്കും അനുഗ്രഹീതമായ ഇജാസത്തും ഖിലാഫത്തും നൽകി. അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹം കൊണ്ട് ഈ മഹത്തുക്കളെ മഹാന്മാരുടെ പരമ്പരകളുമായി ബന്ധിപ്പിച്ച ശൈഖ് അവർകൾ നാം എല്ലാവരോടും വലിയ കരുണയാണ് കാട്ടിയിരിക്കുന്നത്. അല്ലാഹു തയല ശൈഖിന് ഉന്നതമായ പ്രതിഫലവും ആഫിയത്തോടെയുള്ള ദീർഘായുസ്സും കനിഞ്ഞരുളട്ടെ. ഇജാസത്ത്, ഖിലാഫത്ത് ലഭിച്ച മഹത്തുക്കൾക്ക് അല്ലാഹു കൂടുതൽ ഐശ്വര്യം കനിയുകയും അവരുടെ പരമ്പരകളിലും ലോകാവസാനം വരെയുള്ള ജനങ്ങലിലും ഈമാൻ, ഇസ്‌ലാം, ഇഹ്സാൻ ഉണ്ടാക്കുകയും മാതാപിതാക്കൾ, ഉസ്താദുമാർ, മശാഇഖുകൾ തുടങ്ങി എല്ലാ മർഹൂമുകൾക്കും വലിയ സന്തോഷവും റഹ്മത്തും ചൊരിയുകയും ചെയ്യട്ടെ. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്താൻ ജീവിതാവസാനം വരെ ദിക്റ്, ദുആകളിലും ഇവയുടെ പ്രചാരണങ്ങളിലും മുഴുകാനും ഉഃവി നൽകുകയും ചെയ്യട്ടെ.

ശൈഖ് അവർകൾ പൊതുജനങ്ങളുടെ നന്മക്കായി ക്രോഡീകരിച്ച ദിക്ർ-ദുആ-സ്വലാത്തുകളുടെയും പ്രധാന ഉപദേശങ്ങളുടെയും സമാഹാരമാണ് ഈ ചെറു രചന. ഇത് സസന്തോഷം സ്വീകരിക്കുകയും പ്രവർത്തിയിൽ കൊണ്ടുവരികയും ചെയ്യാൻ അല്ലാഹു നാം എല്ലാവർക്കും ഉതവി നൽകട്ടെ. അതെ, ഇതര സ്ഥാനമാനങ്ങളും ഗുണങ്ങളും ഉണ്ടാക്കിയെടുക്കാൻ വലിയ ത്യാഗപരിശ്രമങ്ങൾ ആവശ്യമാണ്. എന്നാൽ ഏറ്റവും വലിയ ഗുണവും സ്ഥാനവുമായ അല്ലാഹുവിന്റെ വലിയ്യ് (ആത്മ മിത്രം) ആകുക വളരെ എളുപ്പമാണ്. മഹാത്മാക്കാൾ പറയുന്ന കാര്യങ്ങൾ ആഗ്രഹം നിറഞ്ഞ മനസ്സോടെ കഴിവിന്റെ പരമാവധി പാലിക്കുക! അല്ലാഹു എളുപ്പമാക്കട്ടെ. സ്വീകരിക്കട്ടെ.

അബൂഉമാമ ഹസനി
സാവിയത്തുൽ ഹസനിയ്യ, ഓച്ചിറ
1439 റബീഉൽ ആഖിർ 1

# ആത്മ സംസ്കരണം

ബാഹ്യമായ മാല്യന്യങ്ങൾ ദുരീകരിക്കുകയും ഹൃദയത്തിൽ പരലോക ചിന്ത നിറയ്ക്കുകയും സൃഷ്ടികളുമായുള്ള ബന്ധം കുറയ്ക്കുകയും സൃഷ്ടാവുമായുള്ള ബന്ധം വർധിപ്പിക്കുകയും സ്വർണ്ണത്തിനെയും മണ്ണിനെയും ഒരു പോലെ കാണുകയും ചെയ്യുന്നവനാണ് സൂഫി. (സഹ്ൽ തസ്തരി(റ). തസവ്വുഫിന്റെ അടിസ്ഥാനം നാല് കാര്യങ്ങളിലാണ്: 1. അല്ലാഹുവിനെ സ്നേഹിക്കുക. 2. ഖുർആനിക വിധി വിലക്കുകൾ പാലിക്കുക. 3. പരലോക ഭയം വർധിപ്പിക്കുക. 4. ഭൗതിക ചിന്ത കുറയ്ക്കുക. (ദുന്നൂനുൽ മിസ്‌രി(റ)). ഒരാൾ അന്തരീക്ഷത്തിൽ പറക്കുന്നത് കണ്ടാലും അദ്ദേഹത്തിൽ ഈ ഗുണങ്ങളില്ലെങ്കിൽ അയാൾ ദജ്ജാൽ (ആശയക്കുഴപ്പം ഉണ്ടാക്കുന്ന നാശകാരി) ആണ്. 1. ശരീഅത്ത് വിജ്ഞാനം ആവശ്യത്തിന് കരസ്ഥമാക്കുക. 2. ജനങ്ങളോട് സൽസ്വഭാവത്തോടെ വർത്തിക്കുക. 3. ശിഷ്യരെ സംസ്കരിക്കുക. 4. സ്വയം ഗുണങ്ങൾ ഉണ്ടാക്കിയെടുക്കുക. 5. ഹലാൽ ഹറാമുകളിൽ ശ്രദ്ധിക്കുക (ബായസീദ് ബിസ്താമി (റ)). അല്ലാഹു അല്ലാത്തവരിൽ നിന്നും മനസ്സ് തിരിക്കലും അല്ലാഹുവിനോടുള്ള ഭയഭക്തി മനസ്സിൽ നിറയ്ക്കലും പരലോക കാര്യങ്ങളിൽ അല്ലാഹുവിനെ ഭരമേൽപ്പിക്കലും സർവ്വ അവസ്ഥകളിലും അല്ലാഹുവിനെ ഭയക്കലും അല്ലാഹുവിനോടുള്ള പ്രതീക്ഷ നിലനിർത്തലുമാണ് തസവ്വുഫ്. (സയ്യിദ് അഹ്മദുൽ കബീർ രിഫാഈ (റ). ഫിഖ്ഹ് പഠിച്ചങ്കിലും തസവ്വുഫ് പഠിക്കാത്തവൻ തെമ്മാടിയും, തസവ്വുഫ് പഠിച്ചെങ്കിലും ഫിഖ്ഹ് പഠിക്കാത്തവൻ വഴികെട്ടവനും ആയിത്തീരുന്നതാണ്. (ഇമാം മാലിക് (റ). എനിക്ക് മൂന്ന് കാര്യങ്ങൾ പ്രിയങ്കരമാണ്. പ്രകടന രാഹിത്യം, ജന സേവനം, സൂഫികളുടെ മാർഗം (ഇമാം ശാഫിഈ (റ). മകനേ, സൂഫികളോട് സഹവസിക്കുക. വിജ്ഞാനം ഇലാഹീ ദാനമാണ്. ഭയഭക്തി, ഭൗതിക വിരക്തി എന്നീ വിഷയങ്ങളിൽ അവർ വളരെ ഉന്നതരാണ്. (ഇമാം അഹ്മദ് (റ). സൂഫിവര്യന്മാർ അല്ലാഹുവിന്റെ മാർഗത്തിൽ പരിശ്രമിക്കുന്നവരാണ്. അവരുടെ സ്വഭാവം സമുന്നതമാണ്. അവരുടെ പാത നേർവഴിയാണ്. (ഇമാം ഗസ്സാലി(റ). പരലോക ചിന്തയിൽ മുഴുകുകയും ശരീര ഇച്ഛകളിൽ നിന്ന് അകലുകയും അല്ലാഹുവിന്റെ ധ്യാനത്തിൽ ലയിക്കുകയും നന്മകൾ ചെയ്യുമ്പോൾ സുന്നത്തുകളും മര്യാദകളും പാലിക്കുകയും ചെയ്യുന്നവരാണ് സൂഫികൾ (ഇമാം റാസി(റ).

തസവ്വുഫിന്റെ അടിസ്ഥാന തത്വങ്ങൾ അഞ്ചാണ്.

1.രഹസ്യമായും പരസ്യമായും സൂക്ഷ്മത പുലർത്തുക. 2. വാചക കർമ്മങ്ങളിൽ സുന്നത്തിനെ പിൻപറ്റുക. 3. സൃഷ്ടികളിൽ നിന്നുമുള്ള പ്രതീക്ഷ മുറിയ്ക്കുക. 4. അല്ലാഹു നൽകുന്നതിൽ തൃപ്തിപ്പെടുക. 5. സന്തോഷ സന്താപങ്ങളിൽ അല്ലാഹുവിലേക്ക് തിരിയുക. (ഇമാം നവവി(റ)). സൂഫികൾ അല്ലാഹുവിന്റെ ആളുകളാണ്. അല്ലാഹു അവരിൽ സംതൃപ്തനായിരിക്കുന്നു. അവരെക്കുറിച്ച് പറയുന്നതിലൂടെ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കുന്നതാണ്. (ഇമാം സുയൂഥി(റ). സുന്നത്തിനെ അധികരിപ്പിക്കുക, ബിദ്അത്തിനെ വർജ്ജിക്കുക, മനസ്സിന്റെ പ്രേരണയിൽ നിന്നും ഒഴിവാകുക, അല്ലാഹുവിന്റെ വിധിയിൽ സംതൃപിതരാവുക, അല്ലാഹുവിന്റെ സ്നേഹം നേടുക എന്നവയാണ് തസവ്വുഫിന്റെ അടിസ്ഥാനം. (ഇമാം സുയൂഥി(റ). സൂഫികളിൽ പലരും സിദ്ദീഖീ സ്ഥാനം കരസ്ഥമാക്കിയവരാണ്. (ഇബ്നു തൈമിയ്യ(റ).

സൂഫികൾ മൂന്ന് വിഭാഗമാണ്. 1. പണത്തിന് വേണ്ടി സൂഫി വേഷം ധരിച്ചവർ 2. അനാചാരങ്ങളുമായി ബന്ധപ്പെട്ടവർ. 3 യഥാർത്ഥ സൂഫിവര്യന്മാർ. ഇതിൽ മൂന്നാമത്തേതാണ് സത്യന്തന്ധരായ സൂഫികൾ. ഇവർ ഖുർആൻ, ഹദീസ്, ഫിഖ്ഹുകൾ പഠിക്കുകയും പാലിക്കുകയും ചെയ്യുന്നവരാണ്. ഇവർ ഏറ്റവും വലിയ ജ്ഞാനികളാണ്. (ഇബ്നുൽ ഖയ്യിം(റ)

## ആത്മ സംസ്കരണത്തിന് എന്ത് ചെയ്യണം?

1) ഈ മാർഗത്തിൽ പ്രവേശിക്കാൻ ആദ്യമായി സത്യസന്ധരായ മഹാത്മാക്കളുമായി സഹവസിക്കുക. അവരിൽ മനസ്സിന് ഇണക്കമുള്ള ഒരു വ്യക്തിത്വത്തിന്റെ ശിഷ്യത്വം സ്വീകരിക്കുക. ഇതിന് ബൈഅത്ത് എന്ന് പറയുന്നു. മുൻഗാമികളായ മഹാത്മാക്കൾ ചെയ്ത കാര്യമാണിത്. എന്നാൽ മറ്റു മഹത്തുക്കളെ നിന്ദിക്കാനും പാടില്ല. ബൈഅത്ത് ചെയ്യുന്ന സമയത്ത് നടത്തപ്പെടുന്ന ഉപദേശങ്ങൾ പരിപൂർണ്ണമായി പാലിക്കുക. ചെയ്യണമെന്ന് പറഞ്ഞ കാര്യങ്ങൾ ജീവിതകാലം മുഴുവനും അനുഷ്ടിക്കുകയും ഉപേക്ഷിക്കണമെന്ന് ഉണർത്തപ്പെട്ട കാര്യങ്ങൾ വർജ്ജിക്കുകയും ചെയ്യുക. 2) വിശ്വാസ ആദർശങ്ങൾ അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ മഹാൻമാർ വിവരിച്ചതിന് അനുസൃതമാക്കുക. അതിന് അതുമായി ബന്ധപ്പെട്ട രചനകൾ പാരായണം ചെയ്യുകയും സംശയങ്ങൾ സൂക്ഷ്മതയുള്ള പണ്ഡിതരോട് ചോദിച്ച് മനസ്സിലാക്കുകയും ചെയ്യുക. സുന്നത്ത് അനുസരിച്ച് ആഹാരം, പാനീയം, ഉറക്കം ഇവ ക്രമീകരിക്കുക. ആവശ്യത്തിനു അനുസരിച്ച് മാത്രം സംസാരിക്കുക. അനാവശ്യമായ

സംസാരങ്ങളും പ്രവർത്തനങ്ങളും ഉപേക്ഷിക്കുക. 3) * കാർമ്മിക ശരീഅത്തിൽ നമസ്ക്കാരം, കഴിവിന്റെ പരമാവധി നല്ലനിലയിൽ അനുഷ്ടിക്കുക. ശുചീകരണം മുതലുള്ള എല്ലാ കർമ്മങ്ങളും തക്ബീർ, ഫാത്തിഹ മുതലുള്ള എല്ലാ പാരായണങ്ങളും പണ്ഡിതന്മാരിൽ നിന്നും പഠിച്ച് പരിശീലിക്കുക. സുജൂദിന്റെ സ്ഥാനത്ത് ദൃഷ്ടി പതിപ്പിക്കുകയും ഓതുന്ന കാര്യങ്ങൾ ഇന്നതാണെന്ന് ഓർമ്മ നിലനിർത്തുകയും ചെയ്തുകൊണ്ട് മാനസിക അവസ്ഥയും നന്നാക്കുക. വിത്ർ, തഅജ്ജുദ് നമസ്ക്കാരങ്ങൾ പതിവാക്കുകയും സാധിക്കുന്ന സുന്നത്ത് നമസ്ക്കാരങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക. * സകാത്ത് ശ്രദ്ധാപൂർവ്വം നിയമങ്ങൾ പാലിച്ച് കൊടുത്ത് വീടുക. സമ്പത്ത്, ശരീരം, വാചകം, മനസ്സ് ഇവ കൊണ്ടുള്ള ദാനധർമ്മങ്ങളും വർദ്ധിപ്പിക്കുക. * റമളാനുൽ മുബാറക് നന്മകളുടെ വസന്തകാലമാണ്. നിയമ മര്യാദകൾ പാലിച്ചുകൊണ്ട് നോമ്പ് അനുഷ്ടിക്കുകയും താൽപ്പര്യത്തോടെ ഖുർആൻ ധാരാളമായി ഓതിയും കേട്ടും തറാവീഹ് നമസ്ക്കരിക്കുകയും ചെയ്യുക. റമളാനിന്റെ ദിനങ്ങൾ നീങ്ങുന്നതിന് അനുസരിച്ച് വർദ്ധിപ്പിക്കുക. വിശിഷ്യാ അവസാനത്തെ പത്തിൽ ഇഅ്തികാഫ് അനുഷ്ടിക്കുക. * അല്ലാഹു സമ്പത്ത് നൽകിയങ്കിൽ എത്രയും പെട്ടെന്ന് പുറപ്പെടുകയും കഴിവിന്റെ പരമാവധി നല്ല നിലയിൽ നിർവ്വഹിക്കുകയും മക്കാമദീന പാഠങ്ങൾ പഠിക്കുകയും പകർത്തുകയും ചെയ്യുക. സൗകര്യപ്പെട്ടാൽ ഇതര കടമകൾക്ക് വീഴ്ച വരുത്താതെ ഇടയ്ക്ക് ഉംറകൾ നിർവ്വഹിച്ച് ഹറമൈൻ ബന്ധം ശക്തമാക്കുക. ആത്മ സംസ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതലായി പകർത്താനുള്ള സുവർണ്ണാവസരമാണ് നോമ്പിന്റെയും ഹജ്ജിന്റെയും അനുഗ്രഹീത ദിനരാത്രങ്ങൾ. 4) ദുആകളിൽ പ്രത്യേക ശ്രദ്ധ പുലർത്തുക. കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും മുഴുവൻ സമുദായത്തിനും നിലവിലുള്ള അവസ്ഥകളുടെ വെളിച്ചത്തിൽ ദുആ ഇരക്കുക. മരണപ്പെട്ടവർക്കും പ്രത്യേകം ദുആ ചെയ്യുക. ദുആ ശബ്ദം കുറച്ചും സ്വന്തം ഭാഷയിലും നിർവ്വഹിക്കുക. 5) ശിർക്ക്, ബിദ്അത്തുകൾ, അനാചാരങ്ങൾ, അനിസ്ലാമിക സംസ്കാര രീതികൾ ഇവയിൽ നിന്നും അകന്ന് നിൽക്കുക. 6) ഐഛികമായ കർമങ്ങൾ ചെയ്യുമ്പോൾ ഇപ്രകാരം നിയ്യത്ത് ചെയ്യുക: പ്രായപൂർത്തിയായ മുതൽ ഇന്നുവരെയും ശാരീരികവും സാമ്പത്തികവും നാവുകൊണ്ടും ഞാൻ ചെയ്തിട്ടുള്ളതും ഇപ്പോൾ ചെയ്യുന്നതും ഇനി ചെയ്യുന്നതുമായ എല്ലാ കർമ്മങ്ങളുടെയും പ്രതിഫലം ആദം (അ) മുതൽ ഖിയാമത്തുനാളുവരെയുള്ള മനുഷ്യരിലും ജിന്നുകളിലുംപെട്ട സത്യവിശ്വാസികൾക്കും ഞാൻ എത്തിച്ചു കൊടുക്കുന്നു.

## ദിക്റുകൾ

സൂര്യസ്തമനം മുതൽ അടുത്ത സൂര്യസ്തമനം വരെ യുള്ള ഏതെങ്കിലും സമയങ്ങളിൽ ഈ ദിക്റുകൾ അനുഷ്ടി ക്കുക. മൂന്നാം കലിമ 100 പ്രാവശ്യം, പുണ്യസ്വലാത്ത് 100 പ്രാവശ്യം, ഇസ്തിഗ്ഫാർ 100പ്രാവശ്യം

## ഖുർആൻ പാരായണം

സൂറത്തുൽ ഫാത്തിഹ മുതൽ നാസ് വരെയും ക്രമപ്രകാരം കഴിയുന്നത്ര പാരായണം ചെയ്തുകൊണ്ടിരിക്കുക. ആരംഭി ക്കുന്ന പാരായണം എത്രയും പെട്ടന്ന് തീർക്കാനും, അടുത്തത് ആരംഭിക്കാനും പരിശ്രമിക്കുക.

## പുണ്യകലിമ

لا إله إلا الله ഇരുന്നൂറ് പ്രാവശ്യം.

إلا الله നാന്നൂറു പ്രാവശ്യം.

الله الله അറുന്നൂറു പ്രാവശ്യം.

ഈ ദിക്റുകൾ ചെറിയ ശബ്ദത്തിൽ ചൊല്ലുക. ആദ്യവും അവസാനവും 11 പ്രാവശ്യം വീതം പുണ്യസ്വലാത്ത് ചൊല്ലു ക.

لا إله إلا الله ചൊല്ലുമ്പോൾ ഓരോ പത്ത് പ്രാവശ്യവും ചൊല്ലിയ തിനു ശേഷം محمد رسول الله صلي الله عليه وآله وسلم എന്ന് ചൊല്ലുക.

## നിരന്തര ദിക്റ്

الله معي (അല്ലാഹു എന്നോടപ്പം എല്ലാസമയങ്ങളിലുമുണ്ട്) എന്ന ഈ ദിക്റ് നിൽക്കുമ്പോഴും, ഇരിക്കുമ്പോഴും, കിടക്കു മ്പോഴും എല്ലാ അവസ്ഥകളിലും മനസ്സുകൊണ്ട് സാങ്കൽപ്പിക മായി ചൊല്ലിക്കൊണ്ടിരിക്കുക.

## ദുആ

പരിശുദ്ധഖുർആനിലെയും പുണ്യഹദീസുകളിലെയും ദുആ ക്കളുടെ സമാഹാരമായ അൽ ഹിസ്ബുൽ അഅ്സം, മുനാ ജാത്ത് മഖ്ബൂൽ ഇവയിൽ ഒന്നിലെ ഓരോദിവസത്തേക്കും നിശ്ചിയിക്കപ്പെട്ട ഭാഗങ്ങൾ ഓതുക. അവയിൽ നിന്നും തിര ഞ്ഞെടുക്കപ്പെട്ട അമ്പത് ദുആക്കൾ ഈ ഫഖീർ ക്രോഡീകരി ച്ചിട്ടുണ്ട്. അത് പാരായണം ചെയ്താലും മതിയാകുന്നതാണ്. അറബി അറിയുന്നവർ അറബിമാത്രം പാരായണം ചെയ്യുക. അറബി അറിയാത്തവർ തർജിമ ശ്രദ്ധിക്കുകയോ കുറഞ്ഞ പക്ഷം തർജിമ പാരായണം ചെയ്യുകയും ചെയ്യുക.

## പുണ്യആയത്തുകൾ

ആയത്തുൽ കുർസിയ്യ് (സൂറത്തുൽ ബഖറ 152), സൂറത്തുൽ ഹശ്റിന്റെ അവസാനത്തെ മൂന്നു ആയത്തുകൾ രാവും പകലും ആശയമോർത്തുകൊണ്ട് ചെറിയ ശബ്ദത്തിൽ രാവും പകലും എത്ര പ്രാവശ്യം ഓതാൻ കഴിയുമോ അത്രയും പ്രാവശ്യം ഓതുക.

## മുറാഖബ:

لا إله إلا الله محمد رسول الله എന്ന കലിമ ആദ്യവും അവസാനവും പതിനൊന്ന് പ്രാവശ്യവും ഇബ്റാഹീമി സ്വലാത്ത് ചൊല്ലിക്കൊണ്ട് ചൊല്ലാൻ പറ്റുന്ന അത്രയും പ്രാവശ്യം ചൊല്ലുക. ചൊല്ലുമ്പോൾ അല്ലാഹുവിന്റെ ഏകത്വവും റസൂലുല്ലാഹി (സ) യുടെ പ്രവാചകത്വപരസമാപ്തിയും സങ്കൽപ്പിക്കുക. തലയെ ഹൃദയത്തിന്റെ ഭാഗത്തേക്ക് ചരിച്ചുവെക്കുക.

## മരണസ്മരണ

ആദ്യവും അവസാനവും പതിനൊന്ന് പ്രാവശ്യം ഇബ്റാഹീമി സ്വലാത്ത് ചൊല്ലുകയും തലയെ ഹൃദയത്തിന്റെ ഭഗത്തേക്ക് അൽപ്പം ചരിച്ച് വെക്കുകയും ഈ രണ്ട് ആയത്തുകൾ ആശയം ധ്യാനിച്ചുകൊണ്ട് കഴിയുന്നത്ര നേരം മനസ്സുകൊണ്ട് ചൊല്ലുക. എല്ലാ ശരീരവും മരണത്തെ രുചിക്കേണ്ടി വരും(ആലു ഇംറാൻ 185), നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. (നിസാഅ് 78)

## പുണ്യസ്വലാത്ത്

ആത്മ സംസ്കരണത്തിന് ഏറ്റവും ലളിതവും പ്രധാനവുമായ മാർഗ്ഗമാണ് പുണ്യസ്വലാത്ത്. ദിവസവും കുറഞ്ഞത് നൂറ് പ്രാവശ്യവും ജുമുഅ ദിനം മുന്നൂറ് പ്രാവശ്യം പതിവാക്കണം. മറ്റുസമയങ്ങളിലും സ്വലാത്ത് അധികമായി ആദരവോടെ ചൊല്ലുക. പ്രത്യേകിച്ചും റമാളിനിൽ മുബാറക്ക്, ഹജ്ജ് ഉംറ യാത്ര മുതലായ വിശിഷ്ഠ സമയങ്ങളിലും സ്ഥലങ്ങളിലും സ്വലാത്ത് വളരെ മഹത്തരമാണ്. അല്ലാമാ അഷ്റഫ് അലി ത്ഥാനവി (റ) സാദുസ്സഈദ്, പുണ്യസ്വലാത്ത് സൗഭാഗ്യവാന്റെ പാഥേയം എന്ന ചെറിയ ഒരു രചന തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അവസാനത്തിൽ ഹദീസിൽ വന്നിട്ടുള്ള നാൽപ്പത് ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. മദീന സിയാറത്ത് പോലുള്ള സന്ദർഭങ്ങളിലും ഇഅ്തികാഫ് പോലുള്ള സമയങ്ങളിലും അതിന്റെ പാരായണം വളരെ ഉത്തമമാണ്.

## കുറിപ്പ്

ഇഃും ഇതര ദിക്റുകളും ധ്യാനങ്ങളും നടത്തുന്നതിന് അർഹരായ ശൈഖുമാരുടെ അനുവാദം ആവശ്യമാണ്.

കൂടാതെ നമ്മുടെ അവസ്ഥകൾ അവരെ അറിയിച്ചുകൊണ്ടിരിക്കുകയും വേണം. ഇതു കൂടാതെ ധാരാളം ദിക്റുകളും മുറാഖബയും ഉണ്ട്. അവ ചെയ്യുന്നതിന് അർഹരായ ശൈഖുമാരുടെ അനുമതി ആവശ്യമാണ്. അല്ലാഹു നാമെല്ലാവരെയും സ്വീകരിക്കട്ടെ! അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം നമ്മുടെ മനസ്സുകളിൽ നിറച്ച് തരട്ടെ! എല്ലാ വിധ ദുർഗുണങ്ങളും ദൂരീകരിക്കുകയും സത്ഗുണങ്ങൾ കനിഞ്ഞരുളുകയും ചെയ്യട്ടെ!

**മഹാന്മാരുടെ സംഭവങ്ങൾ, വചനങ്ങൾ**

ആത്മ സംസ്കരണ മാർഗ്ഗത്തിലേക്ക് ആഗ്രഹം ജനിപ്പിക്കുകയും മുന്നേറ്റത്തിന് വഴി തെളിയിക്കുകയും ചെയ്യുന്ന ഒന്നാണ് ആദരവായ റസൂലുല്ലാഹി (സ), നബിമാർ, സഹാബത്ത്, ഔലിയാക്കളുടെ ആധികാരിക ചരിത്രങ്ങളുടെയും വചനങ്ങളുടെയും പാരായണം. ആത്മ സംസ്കരണ മാർഗ്ഗത്തിൽ ഉന്നത സേവനങ്ങൾ അനുഷ്ടിച്ച വ്യക്തിത്വവും വിനീതന്റെ പരമ്പരയിലെ മഹാത്മാവുമായ സയ്യിദുൽ ആരിഫീൻ അഹ്മദുൽ കബീർ രിഫാഈ (റ) യുടെ ചരിത്രങ്ങളും വചനങ്ങളും വിവിധ രചനകളിലായി ക്രോഡീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ചില വചനങ്ങൾ ഉപസംഹാരമായി ഇവിടെ ഉദ്ധരിക്കുന്നു.

## രിഫാഈ ഉദ്ബോധനങ്ങൾ

മഹാന്മാരാമായ സൂഫീവര്യന്മാർക്ക് അല്ലാഹു കനിഞ്ഞരുളിയ വിശിഷ്ട അനുഗ്രഹങ്ങൾ അവർ വിവരിക്കും. എന്നാൽ ശരീഅത്ത് പരിധിക്കുള്ളിൽ ഒതുങ്ങിനിൽക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. കാരണം ഓരോ വാചകത്തിനും കർമ്മത്തിനും അല്ലാഹുവിങ്കൽ ചില നിയമാതിർത്തികളുണ്ടെന്ന് അവർക്ക് നന്നായി അറിയാം. വിലായത്ത് ലഭിച്ചാലുടൻ ഞാൻ ഏറ്റവും വലിയ രക്ഷിതാവാണെന്ന് വാദിക്കാൻ വിലായത്ത് എന്നത് ഫിർഔൻ നംറൂദുകളുടെ ഗുണമല്ല. ഞാൻ രാജാവല്ല, അടിമയിരിക്കുന്നതുപോലെ ഇരിക്കുന്നു എന്ന് പറയുകയും പ്രവർത്തിക്കുകയും ചെയ്ത മുഹമ്മദുർ റസൂലുല്ലാഹി (സ)യുടെ മഹത്ഗുണമാണ് വിലായത്ത്. ബാഹ്യപ്രകടനങ്ങൾക്കും പൊങ്ങച്ചങ്ങൾക്കും ഔലിയാഉമായി ഒരു ബന്ധവുമില്ല. ഇഹലോകത്ത് പൊങ്ങച്ചങ്ങളുമായി നടന്നവർ പരലോകത്ത് നല്ലവരിൽ നിന്നും മാറിനിൽക്കാൻ അല്ലാഹു കല്പിക്കുന്നതാണ്. “ജനങ്ങളെ, നിങ്ങൾ എല്ലാവരും അല്ലാഹുവിലേക്ക് യാചകരാണ്” എന്ന ആയത്ത്

അനുസരിച്ച് ജീവിക്കുന്നവരാണ് അല്ലാഹുവിന്റെ ഉത്തമ ദാസന്മാർ.

എല്ലാ വിഷയങ്ങളിലും അല്ലാഹുവിനോട് സഹായമിരക്കുക. ബുദ്ധിയുള്ളവൻ ആവശ്യങ്ങളുമായി അധികാരികളുടെ അരികിൽ പോകാറില്ല. അവന്റെ കാര്യങ്ങളെല്ലാം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. എല്ലാ ആവശ്യങ്ങളും അവൻ അല്ലാഹുവിനോട് മാത്രം ഇരക്കുന്നതും സഹായംതേടുന്നതുമാണ്. ഞാൻ പ്രവർത്തിക്കുന്ന കാര്യങ്ങൾ മാത്രമേ നിങ്ങളോട് പറയാറുള്ളൂ. അത്കൊണ്ട് പറയാൻ എളുപ്പമാണ്, പ്രവർത്തിക്കാൻ പ്രയാസവുമാണ് എന്ന് നിങ്ങൾക്ക് പറയാൻ അവസരമില്ല.

പ്രഭാഷണങ്ങളും അധ്യാപനങ്ങളും നടത്തുന്നവരിൽ നിന്നും അല്ലാഹുവിന്റെ വചനങ്ങളും റസൂലുല്ലാഹി (സ)യുടെ ഉപദേശങ്ങളും നീതിന്മാരായ പണ്ഡിതരുടെ വാകൃങ്ങളും സ്വീകരിക്കുക. ഇതല്ലാത്തതെല്ലാം വലിച്ചെറിയുക. വിശിഷ്യാ പുത്തൻകാര്യങ്ങളെ അവരുടെ മുഖത്തേക്കെറിയുക. നബി (സ)യുടെ മാർഗ്ഗത്തിനെതിരായ കാര്യങ്ങൾ സൂക്ഷിക്കുക.

മര്യാദകൾ മുറുകെ പിടിക്കുക, വിശിഷ്യാ അല്ലാഹുവിനോടുള്ള പ്രധാന മര്യാദയായ അവനെകുറിച്ചുള്ള ധ്യാനം നിലനിർത്തുക. ഒരു നേരവും അവനിൽ നിന്നും വിസ്മൃതനാകരുത്. ലക്ഷ്യം കരസ്ഥമാക്കാനുള്ള കവാടം മര്യാദയാണെന്ന് മനസ്സിലാക്കുക. സഈദിബ്നു മുസയ്യബ് (റ) പ്രസ്താവിക്കുന്നു. അല്ലാഹുവിനോടുള്ള കടമകൾ അറിയാതിരിക്കുകയും വിധിവിലക്കുകൾ പാലിക്കാതിരിക്കുകയും ചെയ്യാത്തവൻ അല്ലാഹുവിനോടുള്ള മര്യാദയിൽ നിന്നും കാതങ്ങൾ അകന്നവനാണ്. അല്ലാഹു അറിയിക്കുന്നു- അറിവുള്ളവൻ മാത്രമാണ് അല്ലാഹുവിനെ ഭയക്കുന്നത്. (ഫാതിർ 28). അതെ, അല്ലാഹുവിനോടുള്ള കടമകൾ. ഉണരുകയും അവനിൽ എല്ലാം ഭരമേൽപ്പിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ ജ്ഞാനികൾ. ഹസ്സൻബസരി(റ) പറയുന്നു- ദീനീവിജ്ഞാനം കരസ്ഥമാക്കലും ഭൗതികതാല്പര്യങ്ങൾ കുറയ്ക്കലും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കലുമാണ് പ്രധാനമര്യാദകൾ. സഹ്ൽ (റ) ഉണർത്തുന്നു- മര്യാദകളിലൂടെ മനസ്സിനെ ശരിയാക്കുന്നവൻ ഉദ്ദേശശുദ്ധിയോടെ അല്ലാഹുവിനെ ആരാധിക്കുന്നതാണ്. അല്ലാഹുവിന്റെ ഇഷ്ടദാസന്മാർ ഗുരുനാഥ

ന്മാരെ ആദരിക്കും. അവരുടെ മനസ്സിൽ വെറുപ്പുണ്ടാക്കുന്ന വരെ അല്ലാഹു പ്രയാസപ്രശ്നങ്ങളിൽ കുടുക്കുന്നതാണ്. മുതിർന്നവരെ സേവിക്കുക, സമപ്രായക്കാരോട് സഹാനുഭൂതി പുലർത്തുക, താഴ്ന്നവരോട് കരുണ കാട്ടുക. ഇറാഖ് പ്രദേശം മഹാന്മാരുടെ കേന്ദ്രമായിരുന്നു. അവരെല്ലാവരും അല്ലാഹുവിലേക്ക് യാത്രയായി കഴിഞ്ഞു. അല്ലാഹുവിനെ ഓർത്ത് ആ മഹാത്മാക്കളെ പഠിക്കുകയും അവരെ പിൻപറ്റുകയും അവരുടെ മഹൽഗുണങ്ങൾ ഉണ്ടാക്കിയെടുത്ത് ഉത്തമ പിൻഗാമികളാവുകയും അവരുടെ മാർഗം പ്രചരിപ്പിക്കുകയും ചെയ്യുക. “അവർക്ക് ശേഷം നമസ്കാരം പാഴാക്കുകയും വികാരേച്ഛകൾ പിൻപറ്റുകയും ചെയ്യുന്ന പിൻഗാമികളുണ്ടായി.” എന്ന വചനത്തിന്റെ പുലർച്ചയായി നാം ആകാതിരിക്കുക.

നന്മകളിൽ പിന്നിലായിക്കൊണ്ട് നാളെ നാണംകെടേണ്ടിവരുന്ന അവസ്ഥയിൽ നിന്നും രക്ഷപ്പെടുക. നമ്മുടെ ഓരോ നിമിഷവും വളരെ അമൂല്യമാണ്. സമയത്തെ നശിപ്പിക്കാതെ സൂക്ഷിക്കുക. സമയം പാഴാക്കരുത്. അത് ശരിയാംവിധം ചില വാക്കാതെ പാഴാക്കിയാൽ നമ്മെ അത് പിഴപ്പിക്കുന്നതാണ്. അത്തരം മനുഷ്യരുടെമേൽ പിശാച് അധികാരിയാകുന്നതാണ്.

# ഖുർആൻ ഹദീസുകളിലെ
# അമൂല്യ ദുആകൾ

## رَبَّنَا

**اللهم صلى على محمد خاتم النبيين وعلى اله واصحابه اجمعين**

(1) رَبَّنَا اٰتِنَا فِى الدُّنْيَا حَسَنَةً وَّفِى الْاٰخِرَةِ حَسَنَةً وَّقِنَا عَذَابَ النَّار (البقره: 201)

(2) رَبَّنَا لاَ تُؤَاخِذْنَا إِن نَّسِيْنَا أَوْ أَخْطَأْنَا رَبَّنَا وَلاَ تَحْمِلْ عَلَيْنَا إِصْراً كَمَا حَمَلْتَهُ عَلَى الَّذِيْنَ مِن قَبْلِنَا رَبَّنَا وَلاَ تُحَمِّلْنَا مَا لاَ طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنتَ مَوْلاَنَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِيْنَ. (البقره: 286)

(3) رَبَّنَا لاَ تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً إِنَّكَ أَنتَ الْوَهَّاب ( آل عمران: 8)

(4) رَبَّنَا وَآتِنَا مَا وَعَدتَّنَا عَلَى رُسُلِكَ وَلاَ تُخْزِنَا يَوْمَ الْقِيَامَةِ إِنَّكَ لاَ تُخْلِفُ الْمِيْعَاد (آل عمران: 194)

(5) رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِيْن ( الاعراف: 23)

(6) رَبَّنَا أَفْرِغْ عَلَيْنَا صَبْراً وَتَوَفَّنَا مُسْلِمِيْن (الاعراف: 126)

(7) رَبَّنَا آتِنَا مِن لَّدُنكَ رَحْمَةً وَهَيِّءْ لَنَا مِنْ أَمْرِنَا رَشَداً (الكهف: 10)

(8) رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِيْنَ إِمَاما (الفرقان: 74)

(9) رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِيْنَ سَبَقُونَا بِالْإِيْمَانِ وَلَا تَجْعَلْ فِيْ قُلُوبِنَا غِلّاً لِّلَّذِيْنَ آمَنُوا رَبَّنَا إِنَّكَ رَؤُوفٌ رَّحِيْمٌ (الحشر: 10)

(10) رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيْعُ الْعَلِيْم (البقرة: 127)

# ഞങ്ങളുടെ രക്ഷിതാവേ,

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഈ ലോകത്ത് നന്മ നൽകേണമേ പരലോകത്തിലും നന്മ നൽകേണമേ! ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ. **(201)**

രക്ഷിതാവേ, ഞങ്ങൾ മറന്നതോ തെറ്റ് പിണഞ്ഞതോ ആയ വിഷയങ്ങളിൽ ഞങ്ങളെ നീ പിടികൂടരുതേ. ഞങ്ങൾക്ക് മുൻപുള്ളവരിൽ നീ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടമേൽ നീ ചുമത്തരുതേ. ഞങ്ങൾക്ക് കഴിവില്ലാത്ത കാര്യം ഞങ്ങളുടമേൽ ചുമത്തരുതേ. ഞങ്ങളോട് വിട്ടുവീഴ്ച ചെയ്യേണമേ. പൊറുത്തു തരേണമേ. കരുണ കാട്ടേണമേ. നീ ഞങ്ങളുടെ കാര്യകർത്താവാണ്, ആകയാൽ നിഷേധികൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ. **(286)**

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കു നീ സന്മാർഗം കനിഞ്ഞരുളിയ ശേഷം ഞങ്ങളുടെ മനസ്സുകൾ തിരിച്ചുവിടരരുതേ. നിന്റെ ഭാഗത്തു നിന്നും ഞങ്ങൾക്ക് പ്രത്യേക അനുഗ്രഹം നൽകേണമേ. നീ വലിയ ധർമ്മിഷ്ഠനാണ്. **(8)**

രക്ഷിതാവേ! നിന്റെ ദൂതന്മാരിലൂടെ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകേണമേ. ഖിയാമത്ത് നാളിൽ ഞങ്ങളെ നിന്ദ്യരാക്കരുതേ, തീർച്ചയായും നീ വാഗ്ദാനം ലംഘിക്കാത്തവനാണ് **(194)**.

ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളുടെമേൽ ഞങ്ങൾ അതിക്രമം ചെയ്തുപോയി. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണകാട്ടുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ നഷ്ടവാളികളിൽപെട്ട് പോകുന്നതാണ്. **(23)**

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെമേൽ സഹനത ഒഴുക്കിത്തരേണമേ! ഞങ്ങളെ അനുസരണയുള്ളവരായ നിലയിൽ മരിപ്പിക്കേണമേ! **(126)**

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നിന്റെ ഭാഗത്തു നിന്നും കാരുണ്യം നൽകേണമേ. ഞങ്ങളുടെ കാര്യങ്ങൾ നീ നന്നാക്കിത്തരേണമേ **(10).**

ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളുടെ ഇണകളിൽ നിന്നും സന്താനങ്ങളിൽ നിന്നും ഞങ്ങൾക്ക് കൺകുളിർമ നൽകേണമേ. ഞങ്ങളെ ഭയഭക്തന്മാർക്ക് നായകരാക്കേണമേ! **(74)**

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തിൽ ഞങ്ങളെ മുൻകടന്ന ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തു തരേണമേ. ഞങ്ങളുടെ മനസ്സിൽ സത്യവിശ്വാസികളെക്കുറിച്ച് പക വയ്ക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ നീ വലിയ അലിവും കരുണയും ഉള്ളവനാണ്.**(10)**

ഞങ്ങളുടെ രക്ഷിതാവേ: ഞങ്ങളിൽ നിന്നും നീ സ്വീകരിക്കണമേ. തീർച്ചയായും നീ കേൾക്കുന്നവനും അറിയുന്നവനുമാണ്. **(127)**

# رَبِّ

(1) رَبِّ هَبْ لِیْ مِن لَّدُنکَ ذُرِّیَّةً طَیِّبَةً إِنَّکَ سَمِیْعُ الدُّعَاء (آل عمران:38)

(2) رَبِّ اجْعَلْنِیْ مُقِیْمَ الصَّلاَةِ وَمِن ذُرِّیَّتِیْ رَبَّنَا وَتَقَبَّلْ دُعَاء (ابراهیم:40)

(3) رَّبِّ ارْحَمْهُمَا كَمَا رَبَّیَانِیْ صَغِیْرا (بنی اسرائیل:24)

(4) رَبِّ اشْرَحْ لِیْ صَدْرِیْ -وَیَسِّرْ لِیْ أَمْرِی (طهٰ:25)

(5) رَبِّ أَوْزِعْنِیْ أَنْ أَشْكُرَ نِعْمَتَکَ الَّتِیْ أَنْعَمْتَ عَلَیَّ وَعَلَی وَالِدَیَّ وَأَنْ أَعْمَلَ صَالِحاً تَرْضَاهُ وَأَصْلِحْ لِیْ فِیْ ذُرِّیَّتِیْ إِنِّیْ تُبْتُ إِلَیْکَ وَإِنِّیْ مِنَ الْمُسْلِمِیْن (الاحقاف:15)

(6) رَبِّ انصُرْنِیْ عَلَی الْقَوْمِ الْمُفْسِدِیْن (العنکبوت:30)

(7) رَبِّ هَبْ لِیْ حُكْماً وَأَلْحِقْنِیْ بِالصَّالِحِیْنَ - وَاجْعَل لِّیْ لِسَانَ صِدْقٍ فِیْ الْآخِرِیْنَ -وَاجْعَلْنِیْ مِن وَرَثَةِ جَنَّةِ النَّعِیْم (الشعراء: 85,84,83)

(8) رَبِّ إِنِّیْ لِمَا أَنزَلْتَ إِلَیَّ مِنْ خَیْرٍ فَقِیْرٌ (القصص:24)

(9) رَبِّ لَا تَذَرْنِیْ فَرْداً وَأَنتَ خَیْرُ الْوَارِثِیْن (الانبیاء:89)

(10) رَّبِّ اغْفِرْ وَارْحَمْ وَأَنتَ خَیْرُ الرَّاحِمِیْن (المومنون:118)

# എന്റെ രക്ഷിതാവേ,

എന്റെ രക്ഷിതാവേ, നിന്റെ ഭാഗത്ത് നിന്നും പരിശുദ്ധ സന്താനങ്ങളെ എനിക്ക് നൽകേണമേ, തീർച്ചയായും നീ പ്രാർത്ഥനകൾ കേൾക്കുന്നവനാണ്. **(38)**

എന്റെ രക്ഷിതാവേ, എന്നെ നമസ്കാരം നിലനിർത്തുന്നവനാക്കേണമേ! എന്റെ സന്താനപരമ്പരകളിൽ നിന്നും നിസ്ക്കാരം നിലനിർത്തുന്നവരെ ഉണ്ടാക്കേണമേ **(40).**

രക്ഷിതാവേ, എന്നെ അവർ ഇരുവരും ചെറുപ്പത്തിൽ പരിലാളിച്ചതുപോലെ അവർ ഇരുവരോടും നീ കരുണ ചൊരിയേണമേ (24)

എന്റെ രക്ഷിതാവേ എന്റെ നെഞ്ച് എനിക്ക് തുറന്ന് തരണേ **(25)** എന്റെ കാര്യം എനിക്ക് എളുപ്പമാക്കേണമേ! **(26)**

എന്റെ രക്ഷിതാവേ! എന്റെയും എന്റെ മാതാപിതാക്കളുടെയും മേൽ ചെയ്ത അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്തുവാനും നീ തൃപ്തിപ്പെടുന്ന സുകൃതങ്ങൾ അനുഷ്ഠിക്കാനും എനിക്ക് ഉതവി നൽകേണമേ. എന്റെ സന്താനങ്ങളിൽ എനിക്ക് നന്മ വരുത്തേണമേ! ഞാൻ നിന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നു. ഞാൻ അനുസരണയുള്ളവരിൽപ്പെട്ടവനാണ്.**(15)**

രക്ഷിതാവേ, നാശകാരികളായ ജനതയ്ക്കെതിരിൽ നീ എന്നെ സഹായിക്കേണമേ. **(30).**

രക്ഷിതാവേ, എനിക്ക് ജ്ഞാനം നൽകണേ, എന്നെ സൽവൃത്തരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ. **(83)** പിന്നീട് വരുന്നവരിൽ എന്റെ നല്ലസ്മരണ നിലനിർത്തേണമേ! **(84)** എന്നെ അനുഗ്രഹപൂർണമായ സ്വർഗത്തിന്റെ അവകാശികളിൽ പെടുത്തേണമേ! **(85)**

എന്റെ രക്ഷിതാവേ! നീ എന്നിലേക്ക് ഇറക്കുന്ന ആഹാരത്തിലേക്ക് ഞാൻ ആവശ്യക്കാരനാണ് **(24).**

എന്റെ രക്ഷിതാവേ! എന്നെ ഒറ്റയ്ക്ക് ഉപേക്ഷിക്കരുതേ, നീ ഏറ്റം ഉത്തമ അനന്തരാവകാശിയാണ്. **(89)**

എന്റെ രക്ഷിതാവേ! പൊറുത്തുതരണേ, കരുണ കാട്ടണേ. നീ ഉത്തമ കാരുണ്യവാനാണ്. **(118)**

# اَللّٰھُمَّ اِنِّیۡ اَعُوۡذُبِکَ

(1) اَللّٰھُم اِنِیۡ اَعُوۡذُبِکَ مِنۡ الۡھَمِّ وَالۡحُزۡنِ وَاَعُوۡذُبِکَ مِنَ الۡعِجزِ وَالۡکَسۡلِ وَاَعُوۡذُبِکَ مِنَ الۡجُبۡنِ وَالۡبُخۡلِ وَاَعُوۡذُبِکَ مِنۡ غَلَبَۃِ الدَّیۡنِ وَقَھۡرِ الرِّجَالِ
(ابوداؤد)

(2) اَللّٰھُم اِنِیۡ اَعُوۡذُبِکَ مِنۡ عَذَابِ جَھَنَّمَ وَاَعُوۡذُبِکَ مِنَ عَذَابِ الۡقَبۡرِ وَاَعُوۡذُبِکَ مِنۡ فِتۡنَۃِ الۡمَسِیۡحِ اَلدَّجَّالِ وَاَعُوۡذُبِکَ مِنۡ فِتۡنَۃِ الۡمَحۡیَا وَالۡمَمَاتِ وَاَعُوۡذُبِکَ مِنَ الۡمَاثِمِ وَالۡمَغۡرَمِ (بخاری ومسلم)

(3) اَللّٰھُم اِنِّیۡ اَعُوۡذُبِکَ مِنۡ زَوَالِ نِعۡمَتِکَ وَتَحَوُّلِ عَافِیَتِکَ وَفُجَأۃِ نَقۡمَتِکَ وَجَمِیۡعِ سَخَطِکَ (مسلم)

(4) اَللّٰھُم اِنِّیۡ اَعُوۡذُبِکَ مِنۡ شَرِّسَمۡعِیۡ وَمِنۡ شَرِّ بَصَرِیۡ وَمِنۡ شَرِّ لِسَانِیۡ وَمِنۡ شَرِّ قَلۡبِیۡ وَمِنۡ شَرِّ مَنِیِّیۡ (ترمذی)

(5) اَللّٰھُم اِنِّیۡ اَعُوۡذُبِکَ مِنۡ مُنۡکَرَاتِ الۡاَخۡلَاقِ وَالۡاَعۡمَالِ وَالۡاَھۡوَآءِ وَالۡاَدۡوَاءِ
(ابوداؤد)

(6) اَللّٰھُم اِنِّیۡ اَعُوۡذُبِکَ مِنۡ عَلۡمٍ لَا یَنۡفَعُ وَقَلۡبٍ لَا یَخۡشَعُ وَدُعَاءٍ لَا یُسۡمَعُ وَنَفۡسٍ لَا تَشۡبَعُ. (مستدرک)

(7) اَللّٰھُم اِنِیۡ اَعُوۡذُبِکَ مِنۡ یَوۡمِ السُّوۡءِ وَمِنۡ لَیۡلَۃِ السُّوۡءِ وَمِنۡ سَاعَۃِ السُّوۡءِ وَمِنۡ صَاحِبِ السُّوۡءِ وَمِنۡ جَارِ السُّوۡءِ فِیۡ دَارِ الۡمُقَامَۃِ. (المعجم الکبیر)

(8) اَللّٰھُم اِنِّیۡ اَعُوۡذُبِکَ مِنۡ خَلِیۡلٍ مَاکِرٍ عَیۡنَاہُ تَرۡیَانِیۡ وَقَلۡبُہٗ یَرۡعَانِیۡ ،اِنۡ رَأَی حَسَنَۃً دَفَنَھَا وَاِنۡ رَأَی سَیِّئَۃً اَذَا عَھَا. (کنز العمال)

(9) اَللّٰھُم اِنِّیۡ اَعُوۡذُبِکَ مِنۡ کُلِّ عَمَلٍ یُخۡزِیۡنِیۡ وَاَعُوۡذُبِکَ مِنۡ کُلِّ صَاحِبٍ یُوۡذِیۡنِیۡ وَاَعُوۡذُبِکَ مِنۡ کُلِّ اَمَلٍ یُلۡھِمۡنِیۡ وَاَعُوۡذُبِکَ مِنۡ کُلِّ فَقۡرٍ یُنۡسِیۡنِیۡ وَاَعُوۡذُبِکَ مِنۡ کُلِّ غِنًی یُطۡغِیۡنِیۡ (مجمع الزوائد)

(10) اَللّٰھُم اِنِیۡ اَعُوۡذُبِکَ مِنۡ مَوۡتِ الۡفُجَاءَۃِ وَمِنۡ لَدَغَۃِ الۡحَیَّۃِ وَمِنَ السَّبۡعِ وَمِنَ الۡغَرَقِ وَمِنَ الۡحَرَقِ وَمِنۡ اَنۡ اَخِرَّ عَلَی شَیۡءٍ (کنز العمال)

# അല്ലാഹുവേ, ഞാൻ നിന്നോട് കാവൽ തേടുന്നു.

1) അല്ലാഹുവേ, ദു:ഖ വ്യസനങ്ങൾ, അശക്തി അലസതകൾ, ഭീരുത്വം പിശുക്ക്, കടഭാരം, അക്രമം എന്നിവയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. (അബൂദാവൂദ്)

2) അല്ലാഹുവേ, നരക ശിക്ഷ, ഖബ്ർ ശിക്ഷ, ദജ്ജാൽ ഫിത്ന, ജീവിത മരണ ഘട്ടങ്ങളിലെ പരീക്ഷണങ്ങൾ, പാപം, കടം ഇവയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. (ബുഖാരി)

3) അല്ലാഹുവേ, നിന്റെ അനുഗ്രഹം നീങ്ങിപ്പോവുക, സൗഖ്യം മാറിപ്പോവുക, നിന്റെ ശിക്ഷ പെട്ടെന്ന് വരുക, നിന്റെ മുഴുവൻ കോപങ്ങൾ എന്നിവയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. (മുസ്‌ലിം)

4) അല്ലാഹുവേ, എന്റെ കേൾവി, കാഴ്ച, നാവ്, ഗുഹ്യഭാഗം ഇവയുടെ ഉപദ്രവങ്ങളിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. (ദിർമിദി)

5) അല്ലാഹുവേ, മോശമായ സ്വഭാവ-കർമ്മ-വിചാര-രോഗങ്ങളിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. (അബൂദാവൂദ്)

6) അല്ലാഹുവേ, പ്രയോജനമില്ലാത്ത അറിവ്, വിനയമില്ലാത്ത ഹൃദയം, സ്വീകരിക്കപ്പെടാത്ത പ്രാർത്ഥന, തൃപ്തിയില്ലാത്ത മനസ്സ് ഇവയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. (മുസ്തദറക്).

7) അല്ലാഹുവേ, മോശമായ ദിവസം, രാത്രി, സമയം, താമസ സ്ഥലത്തുള്ള അയൽവാസി ഇവയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. (മുഅ്ജം)

8) അല്ലാഹുവേ, കുതന്ത്രക്കാരനായ കൂട്ടുകാരിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. അവന്റെ കണ്ണ് എന്നെ കാണുകയും അവന്റെ മനസ്സ് എന്നെ ശ്രദ്ധിക്കുകയും ചെയ്യുന്നു! നന്മ വല്ലതും കണ്ടാൽ മൂടിവെക്കുകയും തിന്മ വല്ലതും കണ്ടാൽ വിളിച്ചുപറയുകയും ചെയ്യുന്നു!! (കൻസ്)

9) അല്ലാഹുവേ, എന്നെ നാണം കെടുത്തുന്ന എല്ലാ കർമ്മങ്ങൾ, എന്നെ ഉപദ്രവിക്കുന്ന എല്ലാ കൂട്ടുകാർ, എന്നെ വിസ്മൃതിയിലാക്കുന്ന ആഗ്രഹം, എന്നെ മറപ്പിച്ചുകളയുന്ന ദാരിദ്ര്യം, എന്നെ വഴികെടുത്തുന്ന സമ്പന്നത ഇവയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. (മജ്മഅ്)

10 അല്ലാഹുവേ, പെട്ടെന്നുള്ള മരണം, പാമ്പുകടി, വന്യമൃഗം, മുങ്ങൽ, കത്തൽ ഇവയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. (കൻസ്)

# اَللّٰهُمَّ

(1) اَللّٰهُمَّ اسْتُرْعَوْرَاتِیْ وَآمِنْ رَوْعَاتِیْ. اَللّٰهُمَّ احْفَظْنِیْ مِنْ بَیْنَ یَدِیَّ وَمِنْ خَلْفِیْ وَعَنْ شِمَالِی وَمِنْ فَوْقِیْ. (ابوداؤد)

(2) اَللّٰهُمَّ عَافِنِیْ فِیْ بَدْنِیْ، اَللّٰهُمَّ عَافِنِیْ فِیْ سَمْعِیْ اَللّٰهُمَّ عَافِنِیْ فِیْ بَصَرِیْ (ابوداؤد)

(3) اَللّٰهُمَّ اغْفِرْلِیْ ذَنْبِیْ وَوَسِّعْ لِیْ فِیْ دَارِیْ وَبَارِکْ لِیْ فِیْ رِزْقِی (عمل الیوم واللیلة لابن السنی)

(4) اَللّٰهُمَّ اغْفِرْلِیْ وَارْحَمْنِیْ وَعَافِنِیْ وَاهْدِنِی وَارْزُقْنِیْ وَاجْبُرْنِیْ وَارْفَعْنِیْ (ابودؤد)

(5) اَللّٰهُمَّ اهْدِنِیْ لِاَحْسَنِ الْاَخْلَاقِ، لَا یَهْدِیْ لِاَ حْسَنِهَا اِلَّا اَنْتَ وَاصْرِفْ عَنِّیْ سَیِّئَهَا لَا یَصْرِفُ عَنِّیْ سَیِّئَهَا اِلَّا اَنْتَ. (ابن ماجه)

(6) اَللّٰهُمَّ اغْفِرْلِیْ ذَنْبِیْ کُلَّهٗ دِقَّهٗ وَجِلَّهٗ وَاَوَّلَهٗ وَاٰخِرَهٗ وَعَلَا نِیَّتَهٗ وَسِرَّهٗ (مسلم)

(7) اَللّٰهُمَّ اغْفِرْلِیْ وَلِلْمُؤْمِنِیْنَ وَالْمُؤْمِنَاتِ وَالْمُسْلِمِیْنَ وَالْمُسْلِمَاتِ وَاَلِّفْ بَیْنَ قُلُوْبِهِمْ وَاَصْلِحْ ذَاتَ بَیْنِهِمْ وَانْصُرْ هُمْ عَلٰی عَدُوِّکَ وَعَدُوِّهِمْ (السنن الکبری)

(8) اَللّٰهُمَّ قَنِعْنِیْ بِمَا رَزَقْتَنِیْ وَبَارِکْ لِیْ فِیْهِ وَاخْلُفْ عَلٰی کُلِّ غَائِبَةٍ بِخَیْرٍ (المستدرک)

(9) اَللّٰهُمَّ اکْفِنِیْ بِحَلَالِکَ عَنْ حَرَامِکَ وَاغْنِنِیْ بِفَضْلِکَ عَمَّنْ سِوَاکَ (ترمذی)

(10) اَللّٰهُمَّ اجْعَلْ اَوْسَعْ رِزْقِکَ عَلَیَّ عِنْدَ کِبْرِسِنِّی وَانْقِطَاعِ عُمْرِیْ (المعجم الاوسط)

# അല്ലാഹുവേ,

1) അല്ലാഹുവേ, എന്റെ ന്യൂനതകൾ മറക്കണേ. ഉൾഭയങ്ങൾ മാറ്റി സമാധാനം നൽകണേ. സർവ്വ ഭാഗങ്ങളിൽ നിന്നും എന്നെ സംരക്ഷിക്കേണമേ. (അബൂദാവൂദ്). 2) അല്ലാഹുവേ, എന്റെ ശരീരത്തിലും കേൾവിയിലും കാഴ്ചയിലും സൗഖ്യം നൽകേണമേ. (അബൂദാവൂദ്). 3) അല്ലാഹുവേ, എന്റെ പാപം പൊറുക്കണേ. എന്റെ വീടിന് വിശാലത നൽകണേ. എന്റെ വിഭവങ്ങൾ ഐശ്വര്യമാക്കണേ (അമലുൽ യൗം). 4) അല്ലാഹുവേ, എനിക്ക് പൊറുത്തു തരണേ. എന്നോട് കരുണ കാട്ടണമേ. സൗഖ്യവും സന്മാർഗ്ഗവും ഉപജീവനവും നൽകണേ. എന്റെ കുറവുകൾ പരിഹരിക്കണേ. എന്നെ നീ ഉയർത്തണേ. (അബൂദാവൂദ്). 5) അല്ലാഹുവേ, എന്റെ സ്വഭാവം നന്നാക്കണേ. എന്റെ സ്വഭാവം നന്നാക്കുന്നത് നീ മാത്രമാണ്. എന്റെ ദുസ്വഭാവങ്ങൾ ദൂരീകരിക്കണമേ. ദുസ്വഭാവങ്ങൾ ദൂരീകരിക്കുന്നത് നീ മാത്രമാണ്. (ഇബ്നുമാജ). 6) അല്ലാഹുവേ, ചെറുതും വലുതും ആദ്യമുള്ളതും അവസാനമുള്ളതും പരസ്യവും രഹസ്യവുമായ എല്ലാ പാപങ്ങളും എനിക്ക് പൊറുത്ത തരേണമേ. (മുസ്ലിം). 7) അല്ലാഹുവേ, എനിക്ക് ഈമാനും ഇസ്ലാമും ഉള്ള എല്ലാ സ്ത്രീപുരുഷന്മാർക്കും പൊറുത്തുതരേണമേ. അവരുടെ മനസ്സുകൾക്കിടയിൽ യോജിപ്പ് നൽകേണമേ. ബന്ധം നന്നാക്കണേ. നിന്റെയും അവരുടെയും ശത്രുക്കൾക്കെതിരിൽ സഹായിക്കണമേ. (സുനൻ). 8) അല്ലാഹുവേ, നീ എനിക്ക് നൽകിയതിൽ സംതൃപ്തിയും ഐശ്വര്യവും നൽകേണമേ. എനിക്ക് നൽകാത്തതിൽ ഉത്തമ പകരം നൽകേണമേ. (മുസ്തദറക്). 9) അല്ലാഹുവേ, നീ അനുവദനിയമാക്കിയതുകൊണ്ട് മതിയാക്കി നിശിദ്ധമാക്കിയതിൽ നിന്നും അകന്നു നിൽക്കാൻ ഉതവി നൽകണേ. നിന്റെ ഔദാര്യം കൊണ്ട് നീ അല്ലാത്തവരിൽ നിന്നും ധന്യനാക്കണേ. (തിർമിദി). 10) അല്ലാഹുവേ, നിന്റെ ഏറ്റവും വിശാലമായ ഉപജീവനം എന്റെ വാർദ്ധ്യകൃത്തിലും മരണ നേരത്തും ആക്കണേ. (മുഅജം).

# اَللّٰهُمَّ اِنِّیۡ أَسۡئَلُکَ

(1) اَللّٰهُم اِنِّیۡ اَسۡئلُکَ الۡعَفۡوَ وَالۡعَافِیَةَ فِی الدُّنۡیَا وَالۡآخِرَةِ. اَللّٰهُمَّ اِنِّیۡ اَسۡئلُکَ الۡعَفۡوَ وَالۡعَافِیَةَ فِیۡ دِیۡنِی وَدُنۡیَایَ وَاَهۡلِیۡ وَمَالِیۡ (ابوداؤد)

(2) اَللّٰهُم اِنِّیۡ اَسۡئلُکَ عِلۡمًا نَافِعًا وَرِزۡقًا وَاسِعًا وَشِفَآءً مِنۡ کُلِّ دَآءٍ (المستدرک)

(3) اَللّٰهُم اِنِّیۡ اَسۡئلُکَ الثَّبَاتَ فِی الۡاَمۡرِ وَاَسۡئلُکَ عَزِیۡمَةَ الرُّشۡدِ وَاَسۡئلُکَ شُکۡرَ نِعۡمَتِکَ وَحُسۡنِ عِبَادَتِکَ وَاَسۡئلُکَ لِسَانًا صَادِقًا وَقَلۡبًا سَلِیۡمًا. (ترمذی)

(4) اَللّٰهُم اِنِّیۡ اَسۡئلُکَ فِعۡلَ الۡخَیۡرَاتِ وَتَرۡکَ الۡمُنۡکَرَاتِ وَحُبَّ الۡمَسَاکِیۡنِ، اَللّٰهُمَّ اِنِّیۡ اَسۡئلُکَ حُبَّکَ وَحُبَّ مَنۡ یُحِبُّکَ وَالۡعَمَلَ الَّذِیۡ یُبَلِّغُنِیۡ حُبَّکَ. (ترمذی)

(5) اَللّٰهُم اِنِّیۡ اَسۡئلُکَ اِیۡمَانًا لَا یَرۡتَدُّ وَنَعِیۡمًا لَا یَنۡفَدُ وَمُرَافَقَةَ نَبِیِّنَا مُحَمَّدٍ فِیۡ اَعۡلٰی دَرَجَةِ الۡجَنَّةِ جَنَّةِ الۡخُلۡدِ. (المستدرک)

(6) اَللّٰهُم اِنِّیۡ اَسۡئلُکَ مِنَ الۡخَیۡرِ کُلِّهٖ، عَاجِلِهٖ وَآجِلِهٖ مَا عَلِمۡتُ مِنۡهُ وَمَالَمۡ اَعۡلَمۡ اَللّٰهُمَّ اِنِّیۡ اَسۡئلُکَ الۡجَنَّةَ وَمَا قَرَّبَ اِلَیۡهَا مِنۡ قَوۡلٍ وَعَمَلٍ وَاَسۡئلُکَ مَا قَضَیۡتَ مِنۡ اَمۡرٍ اَنۡ تَجۡعَلَ عَاقِبَتَهٗ رُشۡدًا. (ابن ماجہ)

(7) اَللّٰهُم اِنِّیۡ اَسۡئلُکَ عِیۡشَةً نَقِیَّةً وَمِیۡتَةً سَوِیَّةً وَمَرَدًّا غَیۡرَ مَخۡزِیۡ وَلَا فَاضِحٍ (مستدرک)

(8) اَللّٰهُم اِنِّیۡ اَسۡئلُکَ قَلۡبًا خَاشِعًا وَاَسۡئلُکَ یَقِیۡنًا صَادِقًا وَاَسۡئلُکَ دِیۡنًا قَیِّمًا وَاَسۡئلُکَ الۡعَافِیَةَ مِنۡ کُلِّ بَلِیَّةٍ وَاَسۡئلُکَ دَوَامَ الۡعَافِیَةِ وَاَسۡئلُکَ الشُّکۡرَ عَلَی الۡعَافِیَةِ وَاَسۡئلُکَ الۡغِنٰی عَنِ النَّاسِ. (کنز العمال)

(9) اَللّٰهُم اِنِّیۡ اَسۡئلُکَ اَنۡ تَرۡفَعَ ذِکۡرِیۡ وَتَضَعَ وِزۡرِیۡ وَتُصۡلِحَ اَمۡرِیۡ وَتُطَهِّرَ قَلۡبِیۡ وَتُحۡصِنَ فَرۡجِیۡ وَتُنَوِّرَ لِیۡ فِیۡ قَبۡرِیۡ وَتَغۡفِرَ لِیۡ ذَنۡبِیۡ. (مستدرک)

(10) اَللّٰهُم اِنِّیۡ اَسۡئلُکَ رَحۡمَةً مِنۡ عِنۡدِکَ تَهۡدِیۡ بِهَا قَلۡبِیۡ وَتَجۡمَعُ بِهَا اَمۡرِیۡ وَتَلُمُّ بِهَا شَعۡثِیۡ وَتُصۡلِحُ بِهَا دِیۡنِیۡ وَتَقۡضِیۡ بِهَا دَیۡنِیۡ وَتَحۡفَظُ بِهَا غَائِبِیۡ وَتَرۡفَعُ بِهَا شَاهِدِیۡ وَتُبَیِّضُ بِهَا وَجۡهِیۡ وَتُزَکِّیۡ بِهَا عَمَلِیۡ وَتُلۡهِمُنِیۡ بِهَا رُشۡدِیۡ وَتَرُدُّ بِهَا اُلۡفَتِیۡ وَتَعۡصِمُنِیۡ بِهَا مِنۡ کُلِّ سُوۡءٍ. (ترمذی)

# അല്ലാഹുവേ, ഞാൻ നിന്നോട് ഇരക്കുന്നു

1) അല്ലാഹുവേ, ഇഹത്തിലും പരത്തിലും സൗഖ്യവും മാപ്പും ദീനിലും ദുൻയാവിലും കുടുംബത്തിലും സമ്പത്തിലും സൗഖ്യവും മാപ്പും ഞാൻ നിന്നോട് ഇരക്കുന്നു (അബൂദാവൂദ്). 2) അല്ലാഹുവേ, പ്രയോജനമുള്ള അറിവും വിശാലമായ ഉപജീവനവും സർവ്വരോഗങ്ങളിൽ നിന്നുള്ള ശമനവും ഞാൻ നിന്നോട് ഇരക്കുന്നു(മുസ്തദറക്). 3) അല്ലാഹുവേ, ദീനിൽ അടിയുറപ്പും സന്മാർഗ്ഗത്തിൽ ദൃഢതയും അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്താനും സുന്ദരമായി ഇബാദത്ത് ചെയ്യാനുള്ള സൗഭാഗ്യവും സത്യസന്ധമായ നാവും സുരക്ഷിതമായ മനസ്സും ഞാൻ നിന്നോട് ഇരക്കുന്നു (തിർമിദി). 4) അല്ലാഹുവേ, നന്മകൾ പ്രവർത്തിക്കാനും തിന്മകൾ വർജ്ജിക്കാനും സാധുക്കളെ സ്നേഹിക്കാനുമുള്ള സൗഭാഗ്യം ഞാൻ നിന്നോട് ഇരക്കുന്നു. അല്ലാഹുവേ, നിന്നോടുള്ള സ്നേഹം, നിന്നെ സ്നേഹിക്കുന്നവരോടുള്ള സ്നേഹം, നിന്റെ സ്നേഹത്തിലേക്ക് കൊണ്ടെത്തിക്കുന്ന കർമ്മങ്ങളോടുള്ള സ്നേഹം എന്നിവ ഞാൻ നിന്നോട് ഇരക്കുന്നു. (തിർമിദി). 5) അല്ലാഹുവേ, ഉടനെയുള്ളതും പിന്നീടുള്ളതും എനിക്ക് അറിയാവുന്നതും അറിയാത്തതുമായ നന്മകൾ ഞാൻ നിന്നോട് ഇരക്കുന്നു. അല്ലാഹുവേ, സ്വർഗ്ഗവും, സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്ന വാചക കർമ്മങ്ങളും ഞാൻ നിന്നോട് ഇരക്കുന്നു. അല്ലാഹുവേ, എനിക്ക് നീ എന്ത് വിധിച്ചാലും അതിന്റെ അവസാനം സന്മാർഗ്ഗമാക്കണമെന്നും ഞാൻ നിന്നോട് ഇരക്കുന്നു. (ഇബ്നുമാജ). 7) അല്ലാഹുവേ, പരിശുദ്ധജീവിതവും നല്ല മരണവും നിന്ദ്യതയും നാണക്കേടും ഇല്ലാത്ത മടക്കവും ഞാൻ നിന്നോട് ഇരക്കുന്നു. (മുസ്തദറക്). 8) അല്ലാഹുവേ, വിനയമുള്ള മനസ്സും സത്യസന്ധമായ ഉറച്ച വിശ്വാസവും ചൊവ്വായ മതബോധവും സർവ്വപരീക്ഷണങ്ങളിൽ നിന്നുള്ള സൗഖ്യവും നിരന്തര സൗഖ്യവും സൗഖ്യത്തിന്റെ മേലുള്ള നന്ദിയും ജനങ്ങളിൽ നിന്നുള്ള ധന്യതയും ഞാൻ നിന്നോട് ഇരക്കുന്നു. (കൻസ്). 9) അല്ലാഹുവേ, എന്റെ സ്മരണ ഉയർത്തണേ. ഭാരം ഇറക്കണേ. കാര്യം നന്നാക്കണേ. മനസ്സ് ശുദ്ധമാക്കണേ. ഗുഹ്യഭാഗം സൂക്ഷിക്കണേ. ഖബ്ർ പ്രകാശിപ്പിക്കണേ. പാപം പൊറുക്കണേ എന്ന് ഞാൻ നിന്നോട് ഇരക്കുന്നു. (മുസ്തദറക്). 10) അല്ലാഹുവേ, നിന്റെ ഭാഗത്തുനിന്നുമുള്ള പ്രത്യേകമായ ഒരു കാരുണ്യം ഞാൻ നിന്നോട് ഇരക്കുന്നു. അതിലൂടെ എന്റെ മനസ്സിനെ സൻമാർഗ്ഗം നൽകേണമേ. എന്റെ കാര്യം ഏകീകരിക്കണമേ. പ്രശ്നം പരിഹരിക്കണേ. ദീൻ നന്നാക്കണേ. കടം വീട്ടണേ. അദൃശ്യമായത് സംരക്ഷിക്കേണമേ. മുമ്പിലുള്ളത് ഉന്നതമാക്കണമേ. മുഖം പ്രകാശിപ്പിക്കണമേ. കർമ്മം പരിശുദ്ധമാക്കണമേ. സന്മാർഗ്ഗം മനസ്സിലാക്കിത്തരണമേ. ഇണക്കം മടക്കണേ. സർവ്വതിന്മകളിൽ നിന്നും സംരക്ഷിക്കണമേ.

# الصَّلوٰة وَالسَّلام

اَللّٰهُمَّ صَلِّى عَلٰى مُحَمَّدٍ عَدَدِ خَلْقِكَ وَصَلِّى عَلٰى مُحَمَّد رِضَاءَ نَفْسِكَ وَصَلِّى عَلٰى مُحَمَّدٍ زِنَةَ عَرْشِكَ وَصَلِّى عَلٰى مُحَمَّدٍ مِدَادِ كَلِمَاتِكَ الَّتِىْ لَا تَنْفَدُ۔

اَللّٰهُمَّ صَلِّى عَلٰى مُحَمَّدٍ فِى اللَّيْلِ اِذَا يَغْشىٰ وَصَلِّى عَلٰى مُحَمَّدٍ فِى النَّهَارِ اِذَا تَجَلّٰى وَصَلِّى عَلٰى مُحَمَّدٍ فِى الْآخِرَةِ وَالْاُوْلٰى۔

اَللّٰهُمَّ صَلِّى عَلٰى مُحَمَّدٍ اَلصَّلوٰةَ التَّامَّةَ وَبَارِكْ عَلٰى مُحَمَّدٍ اَلْبَرْكَةَ التَّامَّةَ وَسَلِّمْ عَلٰى مُحَمَّدٍ اَلسَّلَام التَّامَّ۔

اَللّٰهُمَّ صَلِّى عَلٰى أَنْبِيَائِكَ وَرُسُلِكَ اَلْمُطَهَّرِيْنَ وَمَلَائِكَتِكَ الْمُقَرَّبِيْنَ وَعَلٰى اَهْلِ بَيْتِ نَبِيِّكَ وَاَصْحَابِ نَبِيِّكَ اَجْمَعِيْنَ۔

سُبْحَانَ رَبِّكَ رَبِّ الْعِزَّةِ عَمَّا يَصِفُوْنَ وَالْحَمْدُلِلّٰهِ رَبِّ الْعَالَمِيْنَ